**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ 9-ാം തീയതി സമർപ്പിച്ചത്)

**പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം 1 | .. | 10 |
| അദ്ധ്യായം 2 | .. | 37 |
| അദ്ധ്യായം 3 | .. | 86 |
| അനുബന്ധം | .. | 89 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

### ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ.

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഏസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009–2011)-യുടെ പതിമൂന്നാമത് റിപ്പോർട്ട് 2010 മാർച്ച് 25-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി 5-3-2013, 2-4-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ഏപ്രിൽ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം 1

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009-2011)-യുടെ പതിമൂന്നാമത് റിപ്പോർട്ട് 2010 മാർച്ച് 25-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 1973 ജൂൺ 1-ന് പ്രാബല്യത്തിൽ വന്ന 1972-ലെ വൈൽഡ്‌ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിലെ (1972-ലെ 53-ാമത് കേന്ദ്ര നിയമം) 64-ാം വകുപ്പ് 2-ാം ഉപവകുപ്പു പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് നാട്ടാനകളുടെ പരിപാലനത്തിനായി പുറപ്പെടുവിച്ച The Kerala Captive Elephants (Management and Maintenance) Rules, 2003 എന്ന ചട്ടങ്ങളും (എസ്.ആർ.ഒ. നമ്പർ 220/2003), 48 എ (1) വകുപ്പു പ്രകാരം പുറപ്പെടുവിച്ച 767/2008 എന്ന നമ്പർ എസ്.ആർ.ഒ.യും 27401/ജി2/07/ആർ.ഡി. തീയതി 6-6-2007, 19686/എഫ്2/07/എഫ് & ഡബ്ല്യു.എൽ.ഡി. തീയതി 1-3-2008 മുതലായ പരിപത്രങ്ങളും സംബന്ധിച്ച് നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ 15 ശുപാർശകൾ ഉണ്ടായിരുന്നു. ഈ 15 ശുപാർശകളിൽ 1-ഉം, 3-ഉം ഖണ്ഡികകൾ റവന്യൂ (ദേവസ്വം) വകുപ്പുമായി ബന്ധപ്പെട്ടവയും 2, 4 മുതൽ 15 വരെയുള്ളവ വനം (വന്യജീവി) വകുപ്പുമായി ബന്ധപ്പെട്ടവയുമാണ്. വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 13 ശുപാർശകളിൽ 11, 12 എന്നീ ഖണ്ഡികകൾ ഒഴികെയുള്ളവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ മറുപടി സമിതിക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി 5-3-2013-ൽ കൂടിയ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 1, 3 എന്നീ ശുപാർശകൾക്ക് റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി 2-4-2013-ൽ കൂടിയ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2009-2011)-യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ സമിതി ശുപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിലും ഇതേവരെ മറുപടി ലഭിക്കാത്ത ശുപാർശകളും സമിതിയുടെ തുടർശുപാർശയും 3-ാം അദ്ധ്യായത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

609/2013.

അദ്ധ്യായം 2

**സമിതി (2009-2011)-യുടെ 13-ാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ മറുപടികൾ എന്നിവ**

ശുപാർശ നമ്പർ 1

കേരളത്തിലെ മിക്കവാറും ക്ഷേത്രങ്ങളിൽ പൂരങ്ങളും വേലകളും ഉത്സവങ്ങളും വേനൽക്കാലത്താണ് നടത്തപ്പെടുന്നത്. ഈ ഉത്സവങ്ങളിൽ ആന ഒരു അവിഭാജ്യ ഘടകമാണ്. വിവിധ മതസ്ഥരുടെ ആരാധനാലയങ്ങളിലും ഘോഷയാത്രകളിൽ ആനകളെ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ഉത്സവങ്ങളുടെ പ്രൗഢിയും പകിട്ടും അതിൽ പങ്കെടുക്കുന്ന ഗജവീരന്മാരുടെ എണ്ണം നോക്കിനിർണ്ണയിക്കുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. മുൻകാലങ്ങളിൽ നാട്ടുപാതകളായിരുന്നവ ഇന്ന് ടാറിട്ട റോഡുകളായി മാറിയ സാഹചര്യത്തിൽ വേനൽക്കാലത്ത് ചുട്ടുപഴുത്ത ടാറിട്ട റോഡിൽ നഗ്നപാദരായി മണിക്കൂറുകളോളം നിൽക്കുന്ന ഈ ജീവികളുടെ നിസ്സഹായാവസ്ഥയാണ് പലപ്പോഴും സംസ്കാരത്തിന്റെയും സന്തോഷത്തിന്റെയും കൂട്ടായ്മയുടേയും ഭാഗമായി മാറേണ്ട ഉത്സവപ്പറമ്പുകളിൽ വിലയേറിയ മനുഷ്യജീവിതങ്ങൾ ബലികഴിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആചാരങ്ങൾ അപകടരഹിതമായി അനുഷ്ഠിക്കുന്നതിന് ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരേണ്ടിയിരിക്കുന്നു. ഒരു ആരാധനാലയത്തിലെ സ്ഥലസൗകര്യം, അവിടെ തടിച്ചുകൂടുന്ന ജനങ്ങളുടെ സാന്ദ്രത എന്നിവ കണക്കിലെടുത്ത് എഴുന്നള്ളിപ്പ്, ഘോഷയാത്ര എന്നിവയ്ക്ക് ഉപയോഗിക്കാവുന്ന ആനകളുടെ എണ്ണത്തിൽ നിയന്ത്രണ മേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു. എഴുന്നള്ളിപ്പ്, ഘോഷയാത്ര എന്നിവയുടെ സമയം നിശ്ചിത സമയത്തേക്ക് നിജപ്പെടുത്തുകയും സമയം ദീർഘിപ്പിക്കുന്നുവെങ്കിൽ മതിയായ വിശ്രമം ലഭിച്ച മറ്റൊരു ആനയെ ഉപയോഗിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"നിലവിലുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും വകുപ്പുതല നിർദ്ദേശങ്ങളും അനുസരിച്ചാണ് ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാതെ ആനയെ എഴുന്നള്ളിക്കുന്നതിന് ഇപ്പോൾ നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്. സമിതിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ഡിവിഷണൽ ഫോറസ്റ്റാഫീസർ കൺവീനറായും, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, അഗ്നിശമന സേനയിലെ ഉദ്യോഗസ്ഥർ, ദേവസ്വങ്ങളുടെ പ്രതിനിധികൾ, സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു ആനിമൽസിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ് ആനയെഴുന്നള്ളിപ്പ് നിയന്ത്രിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ തലത്തിലും വകുപ്പു തലത്തിലും നാട്ടാന പരിപാലന ചട്ടങ്ങൾക്ക് ഉപരിയായി പുറപ്പെടുവിച്ച ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു (അനുബന്ധം 1 മുതൽ 12 വരെ)".

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തു മുഖേന ലഭിച്ചത്)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

<u>റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

"ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ എഴുന്നള്ളിപ്പുകൾക്ക് സമയം നിശ്ചയിച്ചിട്ടുള്ളതും ആയതുപ്രകാരം ആനകളെ എഴുന്നള്ളിപ്പിച്ചു വരുകയും ചെയ്തുവരുന്നു. എഴുന്നള്ളിപ്പ്, ഘോഷയാത്ര എന്നിവയ്ക്ക് അതാത് ക്ഷേത്രങ്ങളിലെ ഉത്സവചടങ്ങുകൾക്ക് പതിവ് ബുക്കിൽ പ്രതിപാദിച്ചിട്ടുള്ള എണ്ണം ആനകളെ മാത്രമേ എഴുന്നള്ളിക്കുന്നതിന് അനുവാദം നൽകാറുള്ളു. കൂടാതെ ആനകളുടെ സംരക്ഷണം കഴിയുന്നത്ര ഉറപ്പാക്കി എഴുന്നള്ളിപ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മലബാർ ദേവസ്വത്തിൽ ഉത്സവങ്ങളിൽ ആനകളെ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണനടപടികൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്."

(52765/ദേവ.2/2010/ആർ.ഡി. തീയതി 19-2-2013 നമ്പർ കത്തു മുഖേന ലഭിച്ചത്.)

2-4-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

<u>ശുപാർശ നമ്പർ 2</u>

എസ്.ആർ.ഒ.കളുടെ പരിശോധനാവേളയിലും അതുമായി ബന്ധപ്പെട്ട് നടത്തിയ തെളിവെടുപ്പുകളിലും വിവിധ സർക്കാർ ഏജൻസികൾ, ആനയുടമകൾ, ആനത്തൊഴിലാളികൾ, ഉത്സവനടത്തിപ്പുകാർ എന്നിവരുടെ താത്പര്യങ്ങളുടെ സംഘർഷത്തിന്റെ ചിത്രമാണ് സമിതിയുടെ മുമ്പിൽ അനാവരണം ചെയ്യപ്പെട്ടത്. എന്നിരുന്നാലും വന്യജീവി സംരക്ഷണ നിയമത്തിന്റെ ഒന്നാം പട്ടികയിൽപ്പെട്ട മൃഗം എന്ന നിലയിൽ ആനകളുടെ സംരക്ഷണത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള സമീപനമായിരിക്കണം സ്വീകരിക്കേണ്ടതെന്ന് സമിതി വിലയിരുത്തുന്നു.

<u>വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

"ആന ഉടമസ്ഥർ, പാപ്പാന്മാർ, മറ്റു തൊഴിലാളികൾ, എൻ.ജി.ഒ.മാർ, ഉത്സവ കമ്മിറ്റി ഭാരവാഹികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ചർച്ചകൾ നടത്തുകയും അവരുടെ താൽപ്പര്യങ്ങൾ കണക്കിലെടുത്ത് ക്രോഡീകരിച്ച നിബന്ധനകൾ പുറപ്പെടുവിക്കുന്നതിലേക്കായി വനം വകുപ്പിൽനിന്നും സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. ലഭിച്ച ശുപാർശയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 13)".

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തു മുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

<u>ശുപാർശ നമ്പർ 3</u>

2003-ലെ കേരള നാട്ടാന പരിപാലന ചട്ടങ്ങളിലും കേന്ദ്ര, വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Guidelines for Care and Management of Captive Elephants–ലും നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് വനം വകുപ്പ് ഉറപ്പു വരുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ

ഇക്കാര്യത്തിന്റെ നടത്തിപ്പിനായി വനം വകുപ്പ്, ആഭ്യന്തര വകുപ്പ്, റവന്യൂ വകുപ്പ്, ഗതാഗത വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് മുതലായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടപ്രകാരം ആനയുടമ വാങ്ങേണ്ടതായ രേഖകൾ വാങ്ങി ദൈനംദിന പ്രവൃത്തികളിൽ ഏർപ്പെടുന്നതിന് പ്രായോഗികമായ പല ബുദ്ധിമുട്ടുകളും നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിലുള്ള നടപടികൾ കുറേക്കൂടി ലളിതമാക്കുന്നതിനായി മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളുടെയും പരിശോധനയും സർട്ടിഫിക്കറ്റും ലഭ്യമാകുന്ന തരത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആർ.ഡി.ഒ.യുടെ അദ്ധ്യക്ഷതയിൽ ഒരു സംയോജിത സമിതി രൂപീകരിക്കുകയും ആനകളെ ഉത്സവ ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള അപേക്ഷയുടെ മുൻഗണനാക്രമം അനുസരിച്ച് അനുവദിച്ചു നൽകുകയും ഒരു ദിവസത്തെ എഴുന്നള്ളിപ്പിനുശേഷം കർശനമായും ഒരു ദിവസത്തെ യാത്രാരഹിത വിശ്രമം എന്നത് ഉറപ്പുവരുത്തുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കഴിയുന്നത്ര അതാതു ജില്ലകളിലെ ആനകളെ തന്നെ അതാതു ജില്ലകളിലെ ഉത്സവാവശ്യത്തിനു ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഒരു ദിവസം ഒരു ആന പരമാവധി ഘോഷയാത്രയുമായി ബന്ധപ്പെട്ട് എത്ര കിലോമീറ്റർ ദൂരം സഞ്ചരിക്കണ മെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണെന്ന് സമിതി കരുതുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി

"ജില്ലാതലത്തിൽ കമ്മിറ്റികൾ ഇതിനകം രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മുൻഗണനാ ക്രമത്തിൽ ആനകളെ ഉത്സവങ്ങൾക്ക് അനുവദിച്ചു നൽകുന്നതും സമിതിയുടെ നിർദ്ദേശപ്രകാരമുള്ള വിശ്രമം ഉറപ്പുവരുത്തുന്നതും പ്രായോഗികമാണോ എന്ന് പരിശോധിക്കുന്നതാണ്. എന്നിരുന്നാലും ആനകൾക്കു നൽകേണ്ട വിശ്രമത്തിന്റെ കാര്യത്തിലും യാത്രാപരിധിയുടെ കാര്യത്തിലുമുള്ള നിഷ്കർഷകൾ ആന പരിപാലന ചട്ടത്തിലും സർക്കാരിലേക്ക് ഇതിനകം സമർപ്പിച്ച നിർദ്ദേശത്തിലും ഉൾക്കൊള്ളിച്ചി ട്ടുണ്ട്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തു മുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"മൃഗസംരക്ഷണ വകുപ്പ്, കേരളാ വനം വകുപ്പ്, സംസ്ഥാന പോലീസ്, റവന്യൂ, ഗതാഗതം തുടങ്ങിയവയുടെ പരിശോധനയും സർട്ടിഫിക്കറ്റും ആനയുടമകൾ ലഭ്യമാക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഒരു ദിവസം 30 കിലോമീറ്റർ വരെ നടത്തിയും 50 കിലോമീറ്ററിനു മുകളിൽ പരമാവധി 150 കിലോമീറ്റർ വരെ ലോറിയിലും ആനകളെ കൊണ്ടുപോകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എഴുന്നള്ളത്തിന് മുൻപും പിൻപും ആനയ്ക്ക് മതിയായ വിശ്രമവും ഭക്ഷണവും നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരമാവധി കുറഞ്ഞ സമയ ത്തേക്കും ദൂരത്തേക്കും മാത്രമേ എഴുന്നള്ളിപ്പ്, ഘോഷയാത്ര എന്നിവ നടത്തുന്നുള്ളു എന്നുള്ള കാര്യം ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്. ആനകളുടെ എഴുന്നള്ളിപ്പ് നാട്ടാന പരിപാലന ചട്ടം അനുസരിച്ചാണ് നടത്തുന്നത്."

(52765/ദേവ.2/2010/ആർ.ഡി. തീയതി 19-2-2013 നമ്പർ കത്തുമുഖേന ലഭിച്ചത്.)

2-4-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 4

കൊടുംചൂടിൽ ടാറിട്ട റോഡിലൂടെ ആനകളെ ദീർഘദൂരം നടത്തുന്നതിനെതിരെ നിലവിൽ നിയമമുണ്ടെങ്കിലും അത്തരം പ്രവൃത്തികൾ ഇപ്പോഴും തുടരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കി. ടാർ റോഡിലൂടെ നടത്താത്ത വേളകളിൽ പോലും ഉത്സവങ്ങളിലും മറ്റും പങ്കെടുക്കുമ്പോൾ ദീർഘനേരം ആനകൾക്ക് വെയിലത്ത് നിൽക്കേണ്ടതായി വരുന്നുണ്ട്. തദവസരങ്ങളിൽ ആനകളുടെ മാർദ്ദവമേറിയ കാലടികളെ കൊടുംചൂടിൽ നിന്നും രക്ഷിക്കുന്നതിനായി തമിഴ്നാട്ടിലെ മുതുമലൈ ആനക്യാമ്പിലും മറ്റും ലഭ്യമായ ആനകൾക്കായുള്ള പ്രത്യേക തുകൽ ചെരിപ്പുകൾ കേരളത്തിലെ നാട്ടാനകൾക്കായി സബ്സിഡൈസ്ഡ് നിരക്കുകളിൽ ലഭ്യമാക്കുവാനും ഇതിലേക്കായി ഒരു സംഭരണ വിപണന കേന്ദ്രം കേരളത്തിൽ തുടങ്ങുവാനുമുള്ള സാദ്ധ്യതകൾ പഠനവിധേയമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"വെയിലത്ത് ആനകളെ ദീർഘദൂരം നടത്തുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ട്. എന്നാൽ ആനകൾക്കായുള്ള തുകൽ ചെരുപ്പുകൾ കേരളത്തിൽ സബ്സിഡൈസ്ഡ് നിരക്കുകളിൽ ലഭ്യമാക്കുവാൻ വിപണനകേന്ദ്രം തുടങ്ങുന്നത് പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടാണ്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തു മുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതി യോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 5

ആനകൾ വന്യജീവികളാണ് എന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ട് മിക്കപ്പോഴും ഇവയെ കൈകാര്യം ചെയ്യുന്നതുമൂലം ആനയിടയുന്നതുപോലുള്ള അപകടങ്ങൾ വർദ്ധിപ്പിക്കുന്നു. വലിയ പൂരങ്ങൾ ഒഴികെയുള്ള ഉത്സവങ്ങൾക്ക് ഉപയോഗിക്കുന്ന ആനകളുടെ എണ്ണം സ്ഥലപരിമിതിക്ക് അനുസരിച്ച് നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നത് ആന ഇടയുന്നതും അതുവഴി ആളപായം ഉണ്ടാകുന്നതും നിയന്ത്രിക്കുവാൻ ഉപകരിക്കുമെന്ന് സമിതി കരുതുന്നു. ഉത്സവകാലങ്ങളിൽ ആന ഇടയുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി വെറ്ററിനറി ഓഫീസർ, വനം വകുപ്പിന്റെ പ്രതിനിധികൾ, പോലീസ് അധികാരികൾ, ആനയുടമകൾ എന്നിവരുമായി ചേർന്ന് യോഗം ചേരണമെന്ന ഹൈക്കോടതി നിർദ്ദേശം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരമുള്ള യോഗം ചേരുന്നുണ്ടോയെന്ന് നിരീക്ഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"നിലവിലുള്ള ജില്ലാ കമ്മിറ്റികൾ ആവശ്യാനുസരണം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതാണ്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

## ശുപാർശ നമ്പർ 6

നാട്ടാന സംരക്ഷണത്തെ സംബന്ധിച്ച് സമിതി നടത്തിയ പഠനവേളയിൽ ലഭിച്ച പരാതികളിലൊന്ന് ആനകളുടെ ഉടമസ്ഥാവകാശരേഖ സംബന്ധിച്ചുള്ളതാണ്. ഉത്സവപറമ്പുകളിലും മറ്റ് സ്ഥലങ്ങളിലും ആന ഇടഞ്ഞതിനെ തുടർന്നുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ടവർക്കും, അപകടങ്ങളിലൂടെ ആനയ്ക്ക് തന്നെ സംഭവിക്കുന്ന ശാരീരിക ബുദ്ധിമുട്ടുകൾ സംബന്ധിച്ചും ആന ഉടമയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല എന്ന ആക്ഷേപം തെളിവെടുപ്പ് വേളകളിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വിശ്രമമില്ലാതെ പണിയെടുപ്പിച്ചും മദംപോലെ സഹജമായ ശാരീരിക പ്രവർത്തനങ്ങളെ കൃത്രിമമാർഗ്ഗങ്ങളിൽ കൂടി തടസ്സപ്പെടുത്തിയും കച്ചവട താത്പര്യത്തോടുകൂടി ആനപരിപാലനത്തെ നോക്കിക്കാണുന്ന ആനയുടമസ്ഥരുടേയും ഇടനിലക്കാരുടേയും പിടിയിൽ നിന്ന് ഈ മേഖലയെ മോചിപ്പിക്കേണ്ടതുണ്ടെങ്കിലും ആനയെ യഥാവിധി പരിപാലിക്കുന്ന ആനയുടമകളുടെ പരാതികൾ പ്രത്യേകിച്ച് ഉടമസ്ഥാവകാശം സംബന്ധിച്ചും ആനകളെ കൈമാറ്റം ചെയ്യുന്നതിനും ഇൻഷ്വറൻസ് തുക വാങ്ങുന്നതിനും നിലവിലുള്ള പ്രയാസങ്ങളും മറ്റും ദൂരീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇൻഷ്വറൻസ് കമ്പനികൾ ആവശ്യപ്പെടുന്ന ഒരു പ്രധാനപ്പെട്ട രേഖയാണ് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്. ആനയുടെ ഉടമസ്ഥനാകുമ്പോഴും, ആനയെ പോറ്റാനുള്ള ബുദ്ധിമുട്ട് കാരണം ആനയെ കൈമാറ്റം ചെയ്യുമ്പോഴും, ഉടമയുടെ കാലശേഷം അവകാശികൾ ആനയെ ഏറ്റെടുക്കുമ്പോഴും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് വിഘാതമായി നിൽക്കുന്നത് വന്യജീവി സംരക്ഷണ നിയമത്തിലെ 40 (2ബി)-യിലെ ക്ലിപ്ത നിബന്ധനയിലേയും 43-ാം വകുപ്പിലേയും വ്യവസ്ഥകളാണ്. മുഖ്യവനപാലകന്റെ മുൻകൂർ അനുവാദ പ്രകാരമാണ് ഇപ്പോൾ ആനകളെ കൈമാറ്റം ചെയ്തുവരുന്നത്. ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തി കൊണ്ട് മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ കഴിയൂ എന്നതിനാൽ ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പ് മുൻകൈ എടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ബഹു. ഹൈക്കോടതിയുടെ WP(C)30959/2007-ലെയും അനുബന്ധ കേസ്സുകളിലെയും 18-8-2007-ലെ വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എംഎസ്.) നമ്പർ 38/2008/F&WLD dated 20-6-2008 പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം-14) ഒരു മാർഗ്ഗനിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് ഒരളവുവരെ പരിഹാരം കണ്ടെത്തിയിട്ടുമുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശകൾ State Board for Wildlife-ന്റെ പരിഗണനയ്ക്കും ശുപാർശയ്ക്കുമായി സമർപ്പിക്കുന്നതാണ്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തു മുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 7

എന്നാൽ ഉത്സവാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയാത്ത ആനകളെ ഇൻഷ്വർ ചെയ്ത് അവയെ പീഡിപ്പിച്ചുകൊന്ന് ഇൻഷ്വറൻസ് തുക തട്ടിയെടുക്കുന്ന പ്രവണതയ്ക്കെതിരെ ജാഗ്രതയോടുകൂടിയ സമീപനം അധികാരികൾ കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആനയുടമകളുമായി പങ്കുചേർന്ന് കൃത്രിമ സർട്ടിഫിക്കറ്റ് നൽകുന്ന വെറ്ററിനറി സർജന്മാർക്കെതിരെയും നടപടിയെടുക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. അപകടങ്ങൾ സംഭവിക്കുമ്പോൾ ആനയ്ക്കും പാപ്പാനും ഇൻഷ്വറൻസ് പരിരക്ഷ കാലതാമസം കൂടാതെ ലഭിക്കുന്നതിനായി രജിസ്ട്രേഷനുള്ളതും മൈക്രോചിപ്പ് ഘടിപ്പിച്ചു കഴിഞ്ഞതുമായ സംസ്ഥാനത്തെ എല്ലാ ആനകളുടെയും ഉടമകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുവാൻ വേണ്ടതായ നടപടി കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ഈ കാര്യത്തിൽ ജാഗ്രത പാലിച്ചു വരുന്നുണ്ട്. എല്ലാ ആനകൾക്കും ആന പാപ്പാൻമാർക്കും ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിനുള്ള ചട്ടം കൊണ്ടുവരാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ചട്ടപ്രകാരം അല്ലാതെ കൈമാറ്റം നൽകിയ ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുവാൻ ഇപ്പോൾ നിർവാഹമില്ല. മറ്റ് ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമില്ല."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 8

നാട്ടാനകളുടെ വിരമിക്കൽ പ്രായം 65 ആയി നിജപ്പെടുത്തിയിട്ടുള്ളതായി ചട്ടം 9(1)-ൽ പറയുന്നുണ്ടെങ്കിലും 9(2) പ്രകാരം 65 വയസ്സ് കഴിഞ്ഞതും ആരോഗ്യമുള്ളതുമായ ആനകളെ കാഠിന്യം കുറഞ്ഞ ജോലികൾക്കായി ഉപയോഗിക്കാവുന്നതാണെന്ന് പറയുന്നുണ്ട്. ചട്ടം 9(2) നിലവിലുള്ളതിനാൽ ചട്ടം 9(1)-ന്റെ ഉദ്ദേശ്യം പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ജീവിതത്തിന്റെ 65 വർഷവും പലവിധ യാതനകളും അനുഭവിച്ച ആനകളെ 'കാഠിന്യം കുറഞ്ഞ പ്രവൃത്തി' എന്ന് സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തമായി വ്യാഖ്യാനിക്കുവാൻ സാദ്ധ്യമായ ഒരു ചട്ടത്തിന്റെ പിൻബലത്താൽ ശിഷ്ടകാലവും കഠിനജോലികൾ ചെയ്യിപ്പിക്കുന്നത് തികച്ചും അനുകമ്പാരഹിതമായ ഒരു നടപടിയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 65 കഴിഞ്ഞ എല്ലാ നാട്ടാനകളെയും കർശനമായി വിരമിക്കൽ പ്രക്രിയയ്ക്ക് വിധേയമാക്കണമെന്നും അവയെ ശേഷകാലം പരിരക്ഷിക്കുന്നതിനായി ശ്രീലങ്കയിലെ പിന്നവാല ആന കേന്ദ്രം പോലുള്ള ഒരു അഭയകേന്ദ്രം വനഭൂമിയിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലും നേതൃത്വത്തിലും രൂപകൽപ്പന ചെയ്യണമെന്നും വിരമിച്ച എല്ലാ നാട്ടാനകളെയും പുനരധിവസിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇത്തരം ആനവാസ സ്ഥലങ്ങൾ ടൂറിസ്റ്റുകളുടെ ശ്രദ്ധാകേന്ദ്രങ്ങളാകുമെന്നതിനാൽ ആന സംരക്ഷണത്തിനാവശ്യമായ പണം കണ്ടെത്തുവാൻ സാധിക്കുമെന്ന കാര്യവും സമിതി ഓർമ്മപ്പെടുത്തുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ എന്ന സ്ഥലത്ത് ഇത്തരത്തിലുള്ള ഒരു സംരക്ഷണ കേന്ദ്രം ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്. കൂടാതെ നാട്ടാനകളുടെ ചികിത്സയ്ക്കും, ആരോഗ്യ പരിപാലനം ഉറപ്പു വരുത്തുന്നതിനും വേണ്ടി കേരളത്തിൽ ഒരു പ്രത്യേക മൃഗസംരക്ഷണ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 9

ആനകളെ ഉത്സവങ്ങൾക്കോ മറ്റ് ചടങ്ങുകൾക്കോ വേണ്ടി ഏർപ്പാടാക്കുന്ന കമ്മിറ്റികളോ വ്യക്തികളോ തന്നെ ആനയ്ക്കുള്ള ആഹാരം, ജലം ചട്ടപ്രകാരം ഒരു ആനയ്ക്ക് നിൽക്കുവാനുള്ള ചുരുങ്ങിയ സ്ഥലവിസ്തൃതി എന്നിവ ഉറപ്പു വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കുറ്റമറ്റതും കാര്യക്ഷമവുമായ സംവിധാനങ്ങൾ നിലവിലില്ല. ഉത്സവ സ്ഥലങ്ങളിൽ മിന്നൽ പരിശോധന നടത്താനായി സ്ക്വാഡുകൾ ഏർപ്പെടുത്തുന്നപക്ഷം ഇതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സാധിക്കും. പലപ്പോഴും ഒന്നും രണ്ടും ദിവസങ്ങൾ നീളുന്ന ഇത്തരം ചടങ്ങുകളിൽ ആനയും ആ പ്രദേശങ്ങൾ പരിചിതനല്ലാത്ത ഒന്നോ രണ്ടോ പാപ്പാന്മാരും മാത്രമാണ് ഒപ്പമുണ്ടാകുക. ആനയോടൊത്ത് എല്ലാ സമയവും നിൽക്കേണ്ട പാപ്പാന്മാർക്ക് ആനയ്ക്കുള്ള പട്ടയോ മറ്റ് ആഹാര സാധനങ്ങളോ ശേഖരിക്കുന്ന ജോലികളിൽ വ്യാപൃതരാകാൻ സാധിക്കാത്തതിനാൽ ആനകൾ ആഹാരമോ വെള്ളമോ ലഭിക്കാതെ കൊടുംചൂടിൽ ദീർഘനേരം ദുരിതങ്ങൾ അനുഭവിക്കേണ്ടി വരുന്ന അവസ്ഥ ഇപ്രകാരം ഒഴിവാക്കുവാൻ സാധിക്കുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ഇക്കാര്യത്തിൽ പരിശോധന നടത്തുവാൻ ബന്ധപ്പെട്ട ഫോറസ്റ്റ്/പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനുള്ള നിർദ്ദേശം ക്രോഡീകരിച്ച നിബന്ധനകളിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിലേക്ക് പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ട്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 10

പല അവസരങ്ങളിലും ആനപാപ്പാൻമാർ തുടർച്ചയായി ഒഴിഞ്ഞുപോകുന്നതായും പകരക്കാരായി വരുന്ന പാപ്പാൻമാർ ആനയെ അനുസരണ പഠിപ്പിക്കുവാനുള്ള ശ്രമത്തിൽ പീഡനമുറകൾ നടപ്പാക്കുന്നതായും തന്മൂലം ആനകൾ പ്രതികാര പ്രവൃത്തികളിലൂടെ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായും സമിതി മനസ്സിലാക്കി. ഒരു പാപ്പാനെ അനുസരിച്ച് ശീലിച്ച ആന പുതിയ പാപ്പാനെ അനുസരിക്കുവാൻ

വിമുഖത കാണിക്കുമെന്നതിനാൽ പാപ്പാൻമാരുടെ കൂടെക്കൂടെയുള്ള ഒഴിഞ്ഞു പോക്ക് നിരുത്സാഹപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതാണ്. കൂടാതെ സ്ഥിരമായി ഒഴിഞ്ഞുപോകുന്ന പാപ്പാൻമാരുടെ ലൈസൻസ് പുതുക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധ വേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ഇക്കാര്യം ചട്ടങ്ങളുടെ പിൻബലത്തോടെ മാത്രം നടപ്പിലാക്കാൻ കഴിയുകയില്ല. എന്നാൽ ആന ഉടമസ്ഥർ-പാപ്പാന്മാർ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിലൂടെയും ടിയാൻമാർക്ക് ബോധവൽക്കരണ പരിപാടികൾ വനം വകുപ്പ് സംഘടിപ്പിക്കുന്നതിലൂടെയും പാപ്പാന്മാരുടെ കൂടെക്കൂടെയുള്ള ഒഴിഞ്ഞുപോക്ക് ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 13

ഉത്സവപ്പറമ്പുകൾ, അതുപോലെ ആനകളെ പ്രദർശിപ്പിക്കുകയും ജനങ്ങൾ ധാരാളമായി പങ്കെടുക്കുകയും ചെയ്യുന്ന ഇതര ചടങ്ങുകൾ നടത്തുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആനയ്ക്ക് നിൽക്കുവാനുള്ള കുറഞ്ഞ സ്ഥലപരിമിതിയേയും ഒന്നിലേറെ ആനകളുണ്ടെങ്കിൽ ആനകൾ തമ്മിലുള്ള അകലത്തെയും പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് വനം/തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ആനകളെ പങ്കെടുപ്പിക്കുന്ന ചടങ്ങുകൾ നടക്കുന്ന മുഴുവൻ സമയവും ആനയ്ക്കോ ആനകൾക്കോ ചുറ്റിനും ജനങ്ങളെ ഒരു നിശ്ചിത ദൂരത്തേയ്ക്ക് അകറ്റി നിറുത്തുവാനായി റെസ്ട്രെയിനിംഗ് റോപ്പോ, ബാരിക്കേഡോ സ്ഥാപിക്കുന്നത് ജനങ്ങളിൽ നിന്നും ആനകൾക്ക് ശല്യം നേരിടുന്നത് തടയുവാനും തത്ഫലമായി ആനകൾ ഇടഞ്ഞ് അപായങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കുവാനും സഹായകരമാകും. ഇതിലേക്കായി സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ഉത്സവങ്ങളിലും മറ്റു പൊതു പരിപാടികളിലും ആഘോഷങ്ങളിലും ആനകളെ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് വകുപ്പുതല നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2009-10 ഉത്സവ സീസൺ തുടങ്ങുന്നതിന് മുമ്പ് ആനയുടമസ്ഥർ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ, എലിഫന്റ് സ്ക്വാഡിലെ വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ടി വിഷയം സംബന്ധിച്ച് ചർച്ചയും ബോധവൽക്കരണവും നടത്തിയിരുന്നു."

(13201/എഫ്2/11/വനം തീയതി 21-5-2011 നമ്പർ കത്തു മുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 14

നാട്ടാന പരിപാലനവുമായി ബന്ധപ്പെട്ട് സമിതി നടത്തിയ തെളിവെടുപ്പ് വേളകളിൽ ഏറ്റവുമധികം പരാമർശിക്കപ്പെട്ടതും ഏറെ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതുമായ ഒരു വിഷയമാണ് ആനകൾ ചരിഞ്ഞാൽ അവയെ സംസ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ആനകളെ സംസ്ക്കരിക്കുന്നതിനുള്ള പ്രഖ്യാപിത ശ്മശാനങ്ങളോ പ്രദേശങ്ങളോ നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുകൾ ആനയുടമകൾ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ആയതിനാൽ ആനകൾ ചരിഞ്ഞാൽ അവയെ സംസ്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ ജനവാസമില്ലാത്ത മൂന്നോ നാലോ പ്രദേശങ്ങൾ (സാദ്ധ്യമെങ്കിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ) കണ്ടെത്തി, ഇതിലേക്കായി മാറ്റിവയ്ക്കണമെന്നും, ചരിയുന്ന ആനകളുടെ സംസ്ക്കാരം ശാസ്ത്രീയമായ രീതിയിൽ പ്രസ്തുത സ്ഥലങ്ങളിൽ സാദ്ധ്യമാക്കുവാൻ വേണ്ടതായ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ചരിയുന്ന ആനകളെ ബന്ധപ്പെട്ട ഡിവിഷനിലെ ഫോറസ്റ്റാഫീസറുടെ മേൽനോട്ടത്തിൽ ആവശ്യമായ സുരക്ഷാ സജ്ജീകരണങ്ങളോടെ വനപ്രദേശങ്ങളിൽ സംസ്ക്കരിക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ട് 18-1-2007-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശമില്ലാത്തതും, എന്നാൽ മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആനകൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കിക്കൊണ്ട് 21-5-2010-ന് പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- ഉത്തരവ് നമ്പർ സ.ഉ.(സാ) നമ്പർ 11/07/വനം തീയതി 6-1-2007 അഡീഷണൽ സെക്രട്ടറി വനം-വന്യജീവി വകുപ്പ് (അനുബന്ധം-15)
- ജി.ഒ. (ആർറ്റി.) നമ്പർ 220/10/വനം തിരുവനന്തപുരം തീയതി 21-5-2012 അഡീഷണൽ സെക്രട്ടറി (അനുബന്ധം-16)"

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

ശുപാർശ നമ്പർ 15

ആനകളുടെ പ്രധാന ഭക്ഷണമായ പനമ്പട്ടയുടെയും പുല്ലിന്റെയും മറ്റും ദൗർലഭ്യം ഒരു പരിധിവരെ ആന പരിപാലനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും കാലിത്തീറ്റ നിർമ്മാണം പോലെ ആനകൾക്കുള്ള തീറ്റ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

"ആനയുടെ പ്രധാന ഭക്ഷണമായ ഈറമ്പനയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും, നട്ടുവളർത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതായിരിക്കും. ഇത് പൊതുജനങ്ങൾക്ക് നട്ടുവളർത്തുവാൻ തൈകൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതായിരിക്കും."

(8095/എഫ്2/10/വനം തീയതി 21-1-2012 നമ്പർ കത്തുമുഖേന ലഭിച്ചത്.)

5-3-2013-ലെ സമിതിയോഗം മറുപടി അംഗീകരിച്ചു.

## അദ്ധ്യായം 3

## സമിതി ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ

### ശുപാർശ നമ്പർ 11

സദാസമയവും അപകടത്തിന്റെ നിഴലിൽ കഴിയുന്ന പാപ്പാൻമാർക്ക് വിശ്രമമില്ലാതെ പണിയെടുക്കേണ്ടി വരുന്നതിനാലാണ് അവരുടെ ഇടയിൽ മദ്യാസക്തി വർദ്ധിക്കാനിടയാകുന്നത്. ഇത് പാപ്പാന്മാരുടെ ജീവനുമാത്രമല്ല മറ്റുള്ളവരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറുന്നു. പാപ്പാന്മാർക്ക് ഇപ്പോൾ നൽകി വരുന്ന പരിശീലന പരിപാടിയിൽ മൃഗങ്ങളോട് ക്രൂരത കാട്ടാതിരിക്കാനും മദ്യാസക്തി കുറയ്ക്കാനുമുള്ള ബോധവൽക്കരണത്തിന് ഊന്നൽ കൊടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ശുപാർശ നമ്പർ 12

ആനകളെ ഉത്സവാവശ്യങ്ങൾക്കും മറ്റുമായി വാഹനങ്ങളിൽ കൊണ്ടുപോകുമ്പോൾ ഭാരമുള്ള വലിയ വാഹനങ്ങളിൽ തന്നെയാണ് കൊണ്ടുപോകുന്നത് എന്ന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. 5 ടണ്ണിലധികം ഭാരമുള്ള ആനകളെ അതിൽ കുറഞ്ഞ ഭാരമുള്ള വാഹനങ്ങളിൽ കൊണ്ടുപോകുന്നത് പലപ്പോഴും വാഹനം മറിഞ്ഞുള്ള അപകടത്തിന് കാരണമാകുന്നുണ്ട്. അതുപോലെതന്നെ വാഹനങ്ങളിൽ നിന്ന് വീണ് ആനകൾക്ക് പരിക്കേൽക്കുന്നതിലേറെയും വിശ്രമമില്ലാത്ത ജോലി കാരണം ആന ഉറങ്ങി വീഴുന്നതാണെന്ന് ആനപരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇപ്രകാരം ഉണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരമായി ആനകളെ മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകേണ്ടി വരുമ്പോൾ വലിയ വാഹനങ്ങളിൽ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് തന്നെയാണ് കൊണ്ടുപോകുന്നതെന്നുള്ളതിന് റവന്യൂ, പോലീസ്, വനം വകുപ്പ് ഉദ്യോഗസ്ഥർ മതിയായ രേഖകൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സമിതിയുടെ തുടർശുപാർശ</u>

"2010 മാർച്ച് 25-ന് സഭയിൽ സമർപ്പിച്ച സമിതി (2009-2011)-യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 11, 12 എന്നിവയ്ക്ക് മൂന്ന് വർഷം പിന്നിട്ടിട്ടും മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. അടുത്ത രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.".

എം. ഉമ്മർ,<br>*ചെയർമാൻ,*<br>*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,<br>2013 ഏപ്രിൽ 9.